പറഞ്ഞിട്ടുള്ള മുഴുവൻ കാര്യങ്ങളും നടപ്പിലാക്കും. അതിനുവേണ്ടി ഈ കേരളത്തിലെ പ്രബുദ്ധതയുള്ള ജനത പിന്താങ്ങും. സഭ രണ്ട് മൂന്ന് ദിവസത്തിനകം പിരിയുകയാണ്. ചൊവ്വാഴ്ച നമ്മൾ പിരിയുമെന്നാണ് ഇന്ന് ബി. എ. സി. കൂടി തീരുമാനിച്ചിരിക്കുന്നത്. നമ്മൾ പിരിഞ്ഞാൽ വീണ്ടും ഇതേ സ്ഥാനങ്ങളിൽ ഇരുന്ന് വീണ്ടും കാണാമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റ് പ്രസംഗം അവസാനിപ്പിക്കുന്നു.

IX. പ്രമേയം

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (2) സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. "നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142 പ്രകാരം ബഡ്ജറ്റിന്റെ പൊതുചർച്ച അവസാനിക്കുമ്പോൾ തന്നെ ധനാഭ്യർത്ഥനകൾ അനുയോജ്യമായ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നും, സബ്ജക്ട് കമ്മിറ്റികൾ നാല് ആഴ്ചകൾക്കകം അവയുടെ പരിശോധന പൂർത്തിയാക്കേണ്ടതാണെന്നും പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 236-ന്റെ (2)-ാം ഉപചട്ടം വ്യവസ്ഥ ചെയ്യുന്നു. ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ച് കാലാവധി തികച്ച് പിരിഞ്ഞു പോകുന്ന സഭ, വരും വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുന്നതിൽ അപാകതയുണ്ട്. ആയതിനാൽ പ്രായോഗികതയ്ക്കുവേണ്ടി 236-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടം പുതുതായി രൂപീകരിക്കുന്ന സബ്ജക്ട് കമ്മിറ്റികൾ ബഡ്ജറ്റ് പരിശോധന പൂർത്തിയാക്കുന്നതുവരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു."

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിൻതാങ്ങുന്നു.

പ്രമേയത്തെ സഭ അംഗീകരിച്ചു.

X. അറിയിപ്പ്

നിയമസഭാ ലൈബ്രറി കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനവും നിയമസഭാ സമാജികർക്കുള്ള സാംസ്ക്കാരിക സന്ധ്യയും സംബന്ധിച്ച്

മി. സ്പീക്കർ: നിയമസഭാ ലൈബ്രറി കമ്പ്യൂട്ടറൈസ് ചെയ്തിരിക്കുകയാണ്. നാല് മണിക്ക് അതിന്റെ ഔപചാരികമായ ഉദ്ഘാടനമുണ്ട്. 6.30-ന് കൾച്ചറൽ ഡിപ്പാർട്ടുമെന്റും ടൂറിസം ഡിപ്പാർട്ടുമെന്റുംകൂടി ഒരു സാംസ്കാരിക സന്ധ്യ അവതരിപ്പിക്കുന്നുണ്ട്. ഈ രണ്ട് പരിപാടികളിലും എല്ലാവരും പങ്കെടുക്കണം. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(16-2-2006-ന് രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.13-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly